**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 561 01.12.2015 ൽ മറുപടിയ്ക്ക്**

സ്റ്റാർട്ടപ്പ് സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) 12.05.2015 ലെ സ.ഉ.(കൈ) 14/2015/ഐ.ടി.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ യുവതി യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പോളിസിയാണ് കേരളാ ടെക്നോളജി സ്റ്റാർട്ട് അപ്പ് പോളിസി. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട് അപ്പ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ലക്ഷ്യമിടുന്നത്. ഇതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ നടത്തിവരുന്നു.<br>പ്രാവർത്തികമാകാൻ സാദ്ധ്യതയുള്ള ഒരു ആശയവുമായി സമീപിക്കുന്ന സംരഭകർക്ക് പ്രീ ഇൻകുബേഷന് അവസരം നൽകുകയും മുന്നോട്ട് പോകാൻ കഴിയുമെന്ന് കരുതുന്നവർക്ക് ഇൻകുബേഷനുള്ള അവസരം നൽകി പൂർണ്ണതോതിലുള്ള കമ്പനിയാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക പരിജ്ഞാനവും ഉപദേശവും കേരള സ്റ്റാർട്ട്അപ് മിഷൻ നൽകി വരുന്നു. ഇതിനകം 220 ഓളം സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പൂർത്തിയാക്കി. അതിൽ പലതും വിജയകരമായി പ്രവർത്തിച്ചു വരുന്നു. 41 സംരംഭകർക്ക് ഇപ്പോൾ ഇൻകുബേഷൻ നൽകി |

| | | |
|---|---|---|
| | | വരികയുമാണ്. ഇത്തരത്തിൽ സൗകര്യങ്ങൾ നല്കി കൂടുതൽ സംരംഭകരെ ഈ മേഖലയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടർന്നു വരുന്നു |
| (ബി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി ) ഈ സാമ്പത്തിക വർഷം യുവസംരംഭക പദ്ധതിയ്ക്കായി 30 കോടിയുടെയും ടെക്നോളജി ഇന്നവേഷൻ സോണിനായി 50 കോടിയുടെയും ഭരണാനുമതി നൽകുകയും ടി പദ്ധതികൾക്കായി യഥാക്രമം 5 കോടിയും 25 കോടിയും ഇതിനോടകം അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ